**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3395** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഷോപ്പ് & എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ മിനിമം കൂലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഷോപ്പ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ മിനിമം കൂലി എത്രയാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകളോടൊപ്പം തൊഴിൽ സംരക്ഷണവും, പരിരക്ഷയും ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (എ) | സംസ്ഥാനത്തെ ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം കൂലി നിശ്ചയിച്ചിട്ടുള്ളതും, 21.12.2016-ലെ സ.ഉ. (അച്ചടി) നമ്പർ.196/2016/ തൊഴിൽ ഉത്തരവ് പ്രകാരം ടി വിഭാഗത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം കൂലി സർക്കാർ അവസാനമായി പുതുക്കി നിശ്ചയിച്ചിട്ടുള്ളതുമാണ്. ടി വിജ്ഞാപനത്തിലെ പട്ടിക ഒന്നിലാണ് ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം തൊഴിലാളികളുടെ മിനിമം വേതനം ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത മേഖലയിലെ വിവിധ വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് വിജ്ഞാപന പ്രകാരം വ്യത്യസ്ത നിരക്കിലുള്ള അടിസ്ഥാന കൂലിയാണ് നിശ്ചയിച്ചിട്ടുള്ളത്. കാലാവധി കഴിഞ്ഞ, ടി മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്ത് ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും മറ്റ് പരിരക്ഷകളും 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ നടത്തുന്ന സ്ഥാപന പരിശോധനകളിൽ ടി വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോയെന്നത് ഉറപ്പ് വരുത്താറുണ്ട്. ഇത് ലംഘിക്കുന്ന തൊഴിലുടമകൾക്ക് പരിശോധന ഉത്തരവ് നൽകി ആയത് പരിഹരിക്കപ്പെടുന്നതിനുള്ള നിർദ്ദേശം നൽകുകയും തുടർന്നും ആയത് പാലിക്കാത്ത തൊഴിലുടമകൾക്കെതിരെ പ്രൊസിക്യൂഷൻ ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. തൊഴിൽ വകുപ്പ് നടപ്പിലാക്കിയ വേജ് പ്രൊട്ടക്ഷൻ സിസ്റ്റം എന്ന പദ്ധതി പ്രകാരം ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ വേതനം നിരീക്ഷിക്കുന്നതിനും മിനിമം വേതനം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മിനിമം വേതനം ലഭിക്കാത്തതുമായി ബന്ധപ്പെട്ട് മിനിമം വേതനം നിയമപ്രകാരമുള്ള ക്ലെയിം അതോറിറ്റിയായ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർ മുമ്പാകെ തൊഴിലാളികൾക്ക് നേരിട്ടോ ബന്ധപ്പെട്ട യൂണിയൻ മുഖേനയോ ക്ലെയിം പെറ്റിഷനുകൾ ഫയൽ ചെയ്യാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ